SREE THRICHERUMANNA ALIAS SREE

# KOTTIYOOR DEVASWOM

**P.O. KOTTIYOOR-670651. KANNUR DIST.**

web site-:www.kottiyoor devaswam .com./ kottiyoordevaswam@gmail.com

PH:0490- 2430234, 0490- 2430434




TKD/QTN/18/ 2023 Date : 17/03/2023

## ശ്രീ കൊട്ടിയൂർ ദേവസ്വം
## വാഹന ലേലപരസ്യം

ശ്രീ കൊട്ടിയൂർ ദേവസ്വം ചെയർമാൻെറ ഉടമസ്ഥതയിലുള്ള കെ.എൽ 58 ഡി 7639 നമ്പർ 2010 മോഡൽ ഡീസൽ മഹീന്ദ്ര ബൊലേറൊ ജീപ്പ് നിലവിലുള്ള അവസ്ഥയിൽ 18/04/2023ാം തീയ്യതി രാവിലെ 11 മണിക്ക് കൊട്ടിയൂർ ദേവസ്വം ഓഫീസിൽ വെച്ച് ക്വട്ടേഷൻ/പരസ്യലേലത്തിൽ വിൽക്കുന്നതാണ്. സീൽ ചെയ്ത ക്വട്ടേഷൻ 18/04/2023 തീയ്യതി രാവിലെ 11 മണി വരെ സ്വീകരിക്കുന്നതാണ്. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ 18/04/2023ാം തീയതി രാവിലെ 11 മണിക്ക് മുൻപായി നിരതദ്രവ്യമായ 5000/- രൂപ ദേവസ്വം ഓഫീസിൽ അടവാക്കിയ ശേഷം രശീതി സഹിതം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഏറ്റവും കൂടിയ തുകയ്ക്ക് ക്വട്ടേഷൻ/ലേലം ഉറപ്പിച്ചാൽ ടി വ്യക്തി ലേലതുകയുടെ 50% അന്നേ ദിവസവും, ബാക്കി തുകയും 18% ജി.എസ്.ടി യും അടക്കം 24/04/2024ാം തീയതി വൈകുന്നേരം 4 മണിക്ക് മുമ്പായി ഒടുക്കിയ ശേഷം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാഹനം കൊണ്ടുപോകേണ്ടതാണ്. വാഹന സംബന്ധമായ എല്ലാ രേഖകളും അന്നേ ദിവസം തന്നെ കൈപറ്റേണ്ടതാണ്. ലേലം/ക്വട്ടേഷനിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർക്ക് കൊട്ടിയൂരിലുള്ള ദേവസ്വം കോമ്പൗണ്ടിൽ വാഹനം മുൻകൂട്ടി പരിശോധി ക്കാവുന്നതാണ്. ലേലം എന്തെങ്കിലും കാരണത്താലോ, അല്ലാതെയൊ മാറ്റി വെക്കുന്നതിനൊ, റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം ദേവസ്വത്തിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ലേലം സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ കൊട്ടിയൂർ ദേവസ്വത്തിൻെറ തീരുമാനം അന്തിമമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ദേവസ്വം ഓഫീസുമായി ബന്ധപ്പെടുക.

ലേലം/ക്വട്ടേഷൻ നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചിത നിരതദ്രവ്യമായ 5000/- രൂപ ലേലത്തിന് മുൻപ് ഓഫീസിൽ അടവാക്കി രശീതി കൈപറ്റേണ്ടതാണ്.
2. നിരതദ്രവ്യം അടവാക്കിയ വ്യക്തിക്ക് മാത്രമെ ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുമതിയുള്ളു.
3. ലേലത്തിൽ ഏറ്റവും ഉയർന്ന തുക വിളിച്ചയാളുടെ പേരിൽ ലേലം ഉറപ്പിക്കുന്നതിന് മുൻപ്, ലഭിച്ച ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ലേലം/ക്വട്ടേഷനിൽ ഏറ്റവും ഉയർന്ന തുക വിളിച്ചയാൾ/ക്വാട്ട് ചെയ്ത് ആളുടെ പേരിൽ ആയിരിക്കും ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നത്.
4. ലേലം/ക്വട്ടേഷൻ ഉറപ്പിച്ചയാൾ ലേലത്തുകയുടെ 50 % അതേ ദിവസം 4 മണിക്ക് മുൻപായി ഓഫീസിൽ അടവാക്കേണ്ടതും ബാക്കിയുള്ള 50% തുകയും ജി.എസ്.ടി

ഇനത്തിലുള്ള 18 % തുകയും ഉൾപ്പെടെ 24/04/2023ാം തീയ്യതി വൈകുന്നേരം 4 മണിക്ക് മുൻപായി ഓഫീസിൽ അടവാക്കേണ്ടതാണ്.

5. ലേലം ഉറപ്പിച്ചതിന് ശേഷം, ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ രണ്ട് പേരുടെ ഒഴികെയുള്ള നിരതദ്രവ്യം ലേലം കഴിഞ്ഞ ഉടൻ തന്നെ രശീതി ഹാജരാക്കുന്ന പക്ഷം തിരിച്ച് നൽകുന്നതാണ്.

6. വാഹനം ലേലത്തിലെടുത്ത ആൾ ലേലത്തുകയുടെ 18 % ജി.എസ്.ടി ഇനത്തിൽ ലേലതുകയ്ക്ക് പുറമെ അടവാക്കേണ്ടതാണ്.

7. വാഹനം ലേലത്തിനെടുത്ത ആൾ ലേലത്തുകയും നികുതിയും പൂർണ്ണമായും അടച്ച ശേഷം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാഹനം സ്ഥലത്തുനിന്നും കൊണ്ടുപോകേണ്ടതാണ്.

8. വാഹനവുമായി ബന്ധപ്പെട്ട രേഖകൾ, ലേലത്തുകയും നികുതിയും പൂർണ്ണമായും ഓഫീസിൽ അടവാക്കിയ ശേഷം 5 ദിവസത്തിനുള്ളിൽ കൈപറ്റേണ്ടതാണ്.

9. ലേലം ഉറപ്പിച്ച ആൾ ലേലത്തുക പൂർണ്ണമായും നിശ്ചിത സമയപരിധിക്കകം അടവാക്കാത്ത പക്ഷം പ്രസ്തുത വ്യക്തിയുടെ പേരിൽ ഉറപ്പിച്ച ലേലം അസാധുവാകുന്നതാണ്.

10. വാഹനത്തിന്റെ വിലയായി ശ്രീ കൊട്ടിയൂർ ദേവസ്വം പ്രതീക്ഷിക്കുന്ന തുക ലഭിക്കാത്ത പക്ഷം ലേലം നിർത്തി വയ്ക്കുന്നതിനൊ, ലേലം മാറ്റിവെക്കുന്നതിനൊ, ദേവസ്വത്തിന് അധികാരമുണ്ടായിരിക്കുന്നതും, ആയത് ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ചോദ്യം ചെയ്യാൻ അവകാശ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമല്ല.

കൽപനപ്രകാരം

20/04/2023

EXECUTIVE OFFICER
SREE KOTTIYOOR DEVASWOM
P. O. KOTTIYOOR - 670 651